# തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറുടെ നടപടി ഉത്തരവ്

## സംഗ്രഹം

ക്ലാർക്ക് / സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിലേയ്ക്കുള്ള സ്ട്രോംഗ്റൂം ഗാർഡ്മാരുടെ 2023 കാലയളവിലെ തസ്തികമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആർ.ഒ.സി.9711/21/എസ്റ്റ-ബി/എസ്റ്റ-എ തീയതി: 17/07/2024

---

പരാമർശം:- 1. ഈ ആഫീസിലെ 06/03/2024-ലെ മേൽ നമ്പർ ഉത്തരവ്.

2. പമ്പ ദേവസ്വം സ്ട്രോംഗ്റൂം ഗാർഡ് ശ്രീ.എസ്.അരുൺകുമാർ 07/03/2024 തീയതി വച്ച് ഈ ആഫീസിൽ ഹാജരാക്കിയ അപേക്ഷ.

3. ഈ ആഫീസിലെ 12/03/2024-ലെ മേൽ നമ്പർ റിപ്പോർട്ട്.

4. 26/06/2024-ലെ ആർ.ഒ.സി.8031/01/എസ്റ്റ- 2 നമ്പർ ബോർഡ് ഉത്തരവ്.

5. അസിസ്റ്റന്റ് ലാ ആഫീസറുടെ 11/07/2024-ലെ അഭിപ്രായം.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ വിവിധ ആഫീസ്/സബ്ഗ്രൂപ്പുകളിലായി സ്ട്രോംഗ്റൂം ഗാർഡ് തസ്തികയിൽ ജോലി നോക്കി വരുന്നവർക്ക് 2023 കാലയളവിലെ ആകെ ഒഴിവിന്റെ 5% കണക്കാക്കി ശ്രീ.വി.അജീഷിന് ക്ലാർക്ക് / സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിൽ തസ്തികമാറ്റം നൽകി പരാമർശം (1) ആയി ഉത്തരവ് പുറപ്പെടുവിച്ചു.

തുടർന്ന് പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ രണ്ടാമതായി പേര് ഉൾപ്പെട്ട ശ്രീ.എസ്.അരുൺകുമാർ, നിലവിലുള്ള ആകെ ഒഴിവുകളുടെ 5% കണക്കാക്കുമ്പോൾ നേരിയ വ്യത്യാസം (0.9) മാത്രമാണുള്ളതെന്നും ആകയാൽ സ്ട്രോംഗ്റൂം ഗാർഡ് തസ്തികയിൽ 18 വർഷം പൂർത്തിയാക്കിയ ടിയാനെ കൂടി തസ്തികമാറ്റത്തിന് പരിഗണിക്കണമെന്നും വിവരിച്ച് പരാമർശം (2) ആയി ഈ ആഫീസിൽ ഹാജരാക്കിയ അപേക്ഷയിന്മേൽ ബോർഡ് തലത്തിൽ തീരുമാനമുണ്ടാകാനായി പരാമർശം (3) ആയി റിപ്പോർട്ടയച്ചു.

ശ്രീ.എസ്.അരുൺകുമാറിന് നിയമാനുസരണം തസ്തികമാറ്റം നൽകുന്നതിന് ബോർഡിൽ നിന്നും പരാമർശം (4) ആയി ഉത്തരവ് ലഭിച്ചു.

തുടർന്ന്, പ്രസ്തുത വിഷയത്തിന്മേൽ അസിസ്റ്റന്റ് ലാ ആഫീസറുടെ അഭിപ്രായം ലഭ്യമാക്കിയതിൽ 2023-ലെ ആകെ ഒഴിവിന്റെ 5% കണക്കാക്കുമ്പോൾ 1.9 വരുമെന്നതിനാൽ ആയത് 2 ആയി റൗണ്ട് ഓഫ് ചെയ്ത് 2 പേർക്ക് തസ്തികമാറ്റം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുള്ളതാണ് (പരാമർശം 5).

മേൽ സാഹചര്യത്തിൽ പമ്പ ദേവസ്വം സ്ട്രോംഗ്റൂം ഗാർഡ് ശ്രീ.എസ്.അരുൺകുമാറിന് 26,500 - 60,700 രൂപ ശമ്പള സ്കെയിലിൽ ക്ലാർക്ക് / സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിൽ തസ്തികമാറ്റം നൽകി കരുനാഗപ്പള്ളി ഗ്രൂപ്പിൽപ്പെട്ട പള്ളിക്കൽ സബ്ഗ്രൂപ്പിൽ സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ ആയി നിയമിച്ച് ഉത്തരവാകുന്നു.

(മറുപുറം..)

ടി തസ്തികയിൽ പ്രവേശിക്കുന്ന തീയതി മുതൽ മൂന്ന് വർഷ ഡ്യൂട്ടി കാലയളവിൽ രണ്ട് വർഷം പ്രൊബേഷൻ ഉണ്ടായിരിക്കുന്നതാണ്.

ദേവസ്വം കമ്മീഷണർ (ഇൻ ചാർജ്ജ്)
ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്:-

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ്
2. എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല
3. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, കരുനാഗപ്പള്ളി (ടിയാന് 20 ദിവസത്തെ പരിശീലനം നൽകി റിപ്പോർട്ട് ഈ ആഫീസിൽ ഹാജരാക്കേണ്ടതാണ്)
4. ഐ.റ്റി സെക്ഷൻ
5. സെക്ഷൻ ഫയൽ

AR.17/07